ഉത്തരം

(എ) സംസ്ഥാനത്ത് തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. തുടർവിദ്യാകേന്ദ്രങ്ങൾ വഴിയും വികസന വിദ്യാകേന്ദ്രങ്ങൾ വഴിയും സാക്ഷരതാ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അവശേഷിച്ച നിരക്ഷരരെ കണ്ടെത്തി സാക്ഷരതാ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമേ നവസാക്ഷരതയും സ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാതെപോയവർക്കും പ്രത്യേക പാഠ്യപദ്ധതിയിലൂടെ നാലാം ക്ലാസ്സിനു തുല്യമായ വിദ്യാഭ്യാസ യോഗ്യത നേടുന്നതിന് സഹായകരമായ തുല്യതാ പരിപാടിയും സാക്ഷരതാമിഷൻ ആരംഭിച്ചിട്ടുണ്ട്.

(ബി,സി&ഡി) സാക്ഷരതാ പ്രവർത്തനങ്ങൾ നിറുത്തിവച്ചിട്ടില്ല.

(ഇ) നിരക്ഷരരെ കണ്ടെത്താനുള്ള സർവ്വേ പൂർത്തിയാക്കിക്കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റിൽ 'അക്ഷരശ്രീ' എന്ന ഒരു പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. അതിന് അനുമതി ലഭിച്ചുകഴിഞ്ഞാൽ സാക്ഷരതാപ്രസ്ഥാനം വ്യാപകമായി പുനരാരംഭിക്കും.

(എഫ്&ജി) ഈ നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

എൽ.ബി.എസ്.സെന്ററിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

96 (1213) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ബി.എസ്. സെന്റർ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നു ? എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്ഥാപനത്തിന്റെ ഭരണം ആരിൽ നിക്ഷിപ്തം ആയിരിക്കുന്നുവെന്നും അതിന്റെ ഘടന എന്താണെന്നും വ്യക്തമാക്കുമോ? ഭരണസമിതിയിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സ്ഥാപനത്തിൽ എത്ര ഉദ്യോഗസ്ഥർ സ്ഥിരം/താല്ക്കാലികം എന്ന രീതിയിൽ ഏതെല്ലാം തസ്തികയിൻമേൽ ജോലി ചെയ്യുന്നു ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ സ്ഥാപനങ്ങളിൽ എത്ര പേരെ പുതുതായി നിയമിച്ചു ; അവരുടെ പേരും വിലാസവും തസ്തികയും വിദ്യാഭ്യാസ യോഗ്യതയും വെളിപ്പെടുത്തുമോ;

(ഇ) ഇവരെ ആര്, എന്തുമാനദണ്ഡത്തിൽ നിയമിച്ചുവെന്ന് വിശദമാക്കുമോ ;

(എഫ്) പ്രസ്തുത സ്ഥാപനത്തിലെ നിയമനം ഏത് ഏജൻസി വഴിയാണ് നടത്തുന്നത് ; വിശദമാക്കാമോ ;

(ജി) പ്രസ്തുത സ്ഥാപനത്തിൽ സംവരണതത്വം പാലിക്കാറുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എൽ.ബി.എസ്. സെന്ററിന്റെ കീഴിൽ 4 റീജിയണൽ യൂണിറ്റുകളും 20 സബ് സെന്ററുകളും കാസർഗോഡ് ഒരു എൻജിനീയറിംഗ് കോളേജും കൂടാതെ സെന്ററിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ലോക്കൽ സെന്ററുകളും ഉണ്ട്. ഇവയുടെ വിവരങ്ങൾ അനുബന്ധം-ഒന്ന് ആയി ചേർത്തിരിക്കുന്നു*.

(ബി) ഗവേണിംഗ് ബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും നിർദ്ദേശാനുസരണം ഡയറക്ടർ ആണ് ഈ സ്ഥാപനത്തിന്റെ ഭരണം നടത്തുന്നത്. ഭരണ സമിതിയിലെ അംഗങ്ങളുടെ വിവരങ്ങൾ അനുബന്ധം രണ്ട് ആയി കൊടുത്തിരിക്കുന്നു*.

(സി) ഈ സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാരുടെ എണ്ണം 107-ഉം താല്ക്കാലിക ജീവനക്കാരുടെ എണ്ണം 114-ഉം ആണ്. വിശദവിവരം അനുബന്ധം മൂന്ന് ആയി ചേർത്തിരിക്കുന്നു*.

(ഡി) അനുബന്ധം നാല് ആയി ചേർത്തിരിക്കുന്നു*.

(ഇ&എഫ്) സ്ഥിരം ജീവനക്കാരുടെ നിയമനങ്ങൾ, ഒഴിവുകൾ പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധീകരിച്ച് എഴുത്തു പരീക്ഷയും പ്രായോഗിക പരീക്ഷയും നടത്തി പി.എസ്.സി. അംഗീകരിച്ചിട്ടുള്ള സംവരണ വ്യവസ്ഥയനുസരിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് നടത്തുന്നത്.

(ജി) പി.എസ്.സി. നിയമനങ്ങളിൽ പാലിച്ചു വരുന്ന സംവരണതത്വം ഇവിടെയും പാലിക്കുന്നുണ്ട്.

എൻട്രൻസ് പരീക്ഷയ്ക്കു മലയാളം മീഡിയം വിദ്യാർത്ഥികൾക്കു 30 ശതമാനം വെയിറ്റേജ്

97 (1214) ശ്രീ. എം. മുരളി :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്കു മലയാളം മീഡിയം വിദ്യാർത്ഥികൾക്കു 30 ശതമാനം വെയിറ്റേജ് നൽകുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്തടിസ്ഥാനത്തിലെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ&ബി) വെയിറ്റേജ് നല്കുന്ന കാര്യം പഠിച്ചുകൊണ്ടിരിക്കുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly